# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
ചോദ്യം നം. 2587

09 .07.2015-ൽ
മറുപടിയ്ക്ക്

## നഗരൂർ, നന്തായ്‌വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന്റെ പരാതി

**ചോദ്യം**
ശ്രീ. ബി. സത്യൻ

**മറുപടി**
ശ്രീ. അടൂർ പ്രകാശ്
റവന്യൂവും കയറും വകുപ്പ് മന്ത്രി

| ചോദ്യം | മറുപടി |
| --- | --- |
| (എ) നഗരൂർ, നന്തായ്‌വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് നൽകിയ പരാതിയിന്മേൽ നടപടി പൂർത്തിയായിട്ടുണ്ടോ; | (എ) നഗരൂർ, നന്തായ്‌വനം പടിഞ്ഞാറ്റതിൽ വീട്ടിൽ കരുണാകരന് ആറ്റിങ്ങൽ മുനിസിപ്പാലിറ്റിയിലെ അവനവൻചേരിയിൽ പട്ടയമായി ലഭിച്ച ഭൂമി അയൽവാസി കയ്യേറിയതുമായി ബന്ധപ്പെട്ട് ചിറയിൻകീഴ് താലൂക്കിലെ കെ 6/31799/14 നമ്പരായി സമർപ്പിച്ച അപേക്ഷയിന്മേൽ സർവ്വേ നടപടികൾ സ്വീകരിക്കുന്നതിലേയ്ക്കായി 27/05/2015-ൽ താലൂക്ക് സർവ്വേയർക്ക് കൈമാറിയിട്ടുണ്ട്. ഈ അപേക്ഷയിന്മേൽ സർവ്വെ നടപടികൾക്കായി 16/06/2015 തീയതി നിശ്ചയിച്ച് നടപടികൾ പുരോഗമിക്കുകയാണെന്ന് താലൂക്ക് സർവ്വേയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ചിറയിൻകീഴ് താലൂക്കാഫീസിൽ കെ 6-31799/14 ആയി രജിസ്റ്റർ ചെയ്ത പരാതിയിന്മേൽ അടിയന്തിരമായി നടപടി പൂർത്തിയാക്കുമോ? | (ബി) പ്രസ്തുത പരാതി സമയബന്ധിതമായി പൂർത്തിയാക്കുന്നതിന്, ചിറയിൻകീഴ് അഡീഷണൽ തഹസിൽദാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ